**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com
Mob: 8281707785

തിയതി : 07–12–2021

പത്ര കുറിപ്പ്

## ഹജ്ജ് 2022

## ഹജ്ജ് ട്രൈനർ, കേന്ദ്ര ഹജ്ജ് കമ്മിറ്റി അപേക്ഷ ക്ഷണിച്ചു

കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ ഹജ്ജ് ട്രൈനർമാരാകുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ അപേക്ഷ സൗകര്യം 2021 ഡിസംബർ 8-ന് ഉച്ചക്ക് 2–മണി മുതൽ 2021 ഡിസംബർ 20 വരെ **www.hajcommittee.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാകും. താഴെ പറയുന്ന യോഗ്യതകൾ ഉള്ള ട്രൈനറാവാൻ താല്പര്യമുള്ളവർ ഡിസംബർ 20 നകം ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച് ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

അപേക്ഷകർ 2021 ഡിസംബർ 31 തിയ്യതിയിലേക്ക് 25 നും 58 വയസ്സിനിടയിലുള്ളവരായിരിക്കണം, 2 ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരായിരിക്കണം, ഇംഗ്ലീഷ്/ഹിന്ദി/ഉറുദു/പ്രാദേശിക ഭാഷയിൽ പരിജ്ഞാനമുള്ളവരായിരിക്കണം, ഹജ്ജ് കർമ്മങ്ങളെ കുറിച്ച് നല്ല അറിവുണ്ടായിരിക്കണം, ട്രൈനിംഗ് നടത്തുന്നതിന് മാനസികമായും ശാരീരികമായും പ്രാപ്തിയുണ്ടായിരിക്കണം, വലിയ സദസ്സുകളിൽ ട്രൈനിംഗ് ക്ലാസ് കൈകാര്യം ചെയ്യാൻ പ്രാപ്തിയുണ്ടായിരിക്കണം, കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടായിരിക്കണം, വിവര സാങ്കേതിക വിദ്യ മുഖേന ലഭിക്കുന്ന പുതിയ മെസ്സേജുകൾ മനസ്സിലാക്കി തീർത്ഥാടകർക്ക് കൈമാറുന്നതിനുള്ള കഴിവ് ഉണ്ടായിരിക്കണം.

മേൽ യോഗ്യതയുള്ള അപേക്ഷകരിൽ നിന്നും, സംസ്ഥാന ഹജ്ജ് കമ്മിറ്റി ഇന്റർവ്യൂ മുഖേന തിരഞ്ഞെടുക്കുന്നവർക്ക് കേന്ദ്ര ഹജ്ജ് കമ്മിറ്റി പ്രത്യേക പരിശീലനം നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0483 2710717 എന്ന നമ്പറിൽ, സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്)

അസി സെക്രട്ടറി

Kerala State Haj Committee
Malappuram
Pin 673 647
Haj House, P.O. Calicut Airport